# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1078 — 30.11.2018 - ൽ മറുപടിക്ക്

## ബാലുശ്ശേരി മണ്ഡലത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) ബാലുശ്ശേരി മണ്ഡലത്തിൽ പുതുതായി അനുവദിക്കപ്പെട്ട ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറി ആരംഭിക്കുന്നതിന് കേരള സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ടി ഡിസ്പെൻസറിയുടെ പ്രവർത്തനാനുമതി ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടില്ല. |
| (ബി) പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നിബന്ധനകളോ നിർദ്ദേശങ്ങളോ നിലവിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ; | (ബി) പുതുതായി ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നിബന്ധനകളോ നിർദ്ദേശങ്ങളോ നിലവിൽ വന്നിട്ടില്ല. |
| (സി) കോഴിക്കോട് ജില്ലയിൽ ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇ.എസ്.ഐ. ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നതെന്നും | (സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന് കീഴിൽ മാവൂർ, ചക്കോരത്തുകുളം, എരഞ്ഞിപ്പാലം, ചേമഞ്ചേരി, ചുങ്കം, ചാലപ്പുറം, ചെറുവണ്ണൂർ-I, ചെറുവണ്ണൂർ-II, കൈനാട്ടി, പുതിയറ, കുന്നത്തുപാലം. എന്നീ |

| | |
|---|---|
| എവിടെയാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | ഡിസ്പെൻസറികളാണ് നിലവിൽ കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്നത്. കോഴിക്കോട് ജില്ലയിൽ മുക്കം. ബാലുശ്ശേരി. താമരശ്ശേരി എന്നീ സ്ഥലങ്ങളിൽ ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയെങ്കിലും മുക്കം ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനാനുമതി മാത്രമേ ഇ.എസ്.ഐ കോർപ്പറേഷൻ നൽകിയിട്ടുള്ളൂ. ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഒരു ജില്ലയിൽ ഒരു ഇ.എസ്.ഐ ഡിസ്പെൻസറി - കം - ബ്രാഞ്ച് ഓഫീസ് ഇ.എസ്.ഐ കോർപ്പറേഷൻ നേരിട്ട് ആരംഭിക്കുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലും ഒരു ഡിസ്പെൻസറി - കം - ബ്രാഞ്ച് ഓഫീസ് തുടങ്ങുമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**